# ഒരു വോട്ടർ

റഫീക്ക് അഹമ്മദ്

വോട്ടർമാരുടെ ക്യൂവിൽ അതാ, അവിടെയാണ് അയാൾ. നട്ടപ്ര വെയിലത്ത് അയാളുടെ മുടി കൊഴിഞ്ഞ തല തിളങ്ങുന്നുണ്ട്. ചെവിയ്ക്കു പിന്നിലൂടെ ഒരു വിയർപ്പുചാൽ പതുക്കെ ഇറങ്ങിക്കഴിഞ്ഞു. പക്ഷെ, ചൂടും പുഴുക്കവുമൊന്നും അയാൾക്കൊരു പ്രശ്നമല്ല. അതൊക്കെ എത്ര കണ്ടതാണ്! അർഹതയില്ലാത്ത ഇടത്ത് കയറിപ്പറ്റിയതുപോലെയാണ് ആ നിൽപ്പ്. തനിക്കു പറഞ്ഞിട്ടില്ലാത്തത്, അവകാശമില്ലാത്തത് എന്നപോലെ ഒരു പരുങ്ങൽ. ആ പരുങ്ങലാണ് അയാളെ തിരിച്ചറിയാനുള്ള അടയാളം.




സ്വന്തം ജൈവസ്ഥലികളിൽ അയാൾ അത്യന്തം കരുത്തനായി കാണപ്പെടാറുണ്ട്. കിണറിന്റെ ആഴത്തിൽ, വൃക്ഷങ്ങളുടെ തുന്നാരത്തലപ്പിൽ, കട്ട വിണ്ട പാടങ്ങളിൽ, മഷിത്തണ്ടുകളുടെ ഈർപ്പം തിങ്ങിയ കവുങ്ങിൻതോപ്പുകളിൽ. മറ്റിടങ്ങളിൽ അയാൾ വഴിതെറ്റി സ്വീകരണമുറിയിൽ എത്തിപ്പെട്ട ചെമ്പോത്തോ മരങ്കൊത്തിയോ ആയി. ആപ്പീസുകളിൽ, സർക്കാരാശുപത്രിയിൽ, മകളുടെ സ്കൂളിൽ, എവിടെയുമതെ, അല്പം കൂനി, ഒന്നു വളഞ്ഞ് ഇത്തിരി പരിഭ്രമത്തോടെയാണ് അയാൾ നിൽക്കുക. എന്തിന് ബസ്സിൽ പോലും. ചളിയിലും ചേറിലും വെയിലിലും നിന്ന് തന്നിൽ നിന്ന് കരിഞ്ഞുപോയ എന്തൊക്കെയോ ആണ് ചുറ്റിലും തളിർക്കുകയും തഴയ്ക്കുകയും ചെയ്യുന്നതെന്ന് അയാൾ അറിയുന്നില്ല.

മഷിപുരട്ടാനായി അയാൾ മേശപ്പുറത്തു വെച്ച തൈലം കാണുന്നില്ലേ? ചളി നിറഞ്ഞ നഖങ്ങൾ. തുരുമ്പിച്ചു തേഞ്ഞ ആണികൾപോലെ വിരലുകൾ. കൈപ്പത്തിമേൽ അനവധി ഞരമ്പു പാലങ്ങൾ കെട്ടിപ്പിണഞ്ഞു കിടക്കുന്നു. മഷിപ്പാട് തെളിയുമോ എന്നറിയാത്തവിധം കറുത്തതാണ് ആ വിരലുകൾ. ഇതെത്രാമത്തെ പ്രാവശ്യമായിരിക്കും അയാൾ ജനാധിപത്യത്തിന്റെ ഈ കുറിയടയാളം തന്റെ വിരൽത്തുമ്പിൽ പകർന്നു വാങ്ങുന്നത്? കണ്ണുകളിൽ തിമിരം വന്നു മൂടിയിട്ടുണ്ട്. നരച്ച കുറ്റിത്താടിയിൽ അവ കെടാറായ ചിമ്മിനിവിളക്കിന്റെ തിരിപോലെ മിനുങ്ങി. നൂറു ശതമാനം സാക്ഷരത നേടിയ നാടാണിത്. ഇനിയും ഒപ്പിടാൻ പഠിച്ചില്ലേ എന്ന മുതിർന്ന ഉദ്യോഗസ്ഥന്റെ ചോദ്യത്തിനും അയാൾ നടു വളച്ച് കുനിഞ്ഞ് മൗനമായിത്തന്നെ നിന്നു. രാഷ്ട്രപതി ഉദ്യോഗത്തേക്കാൾ മഹനീയമായ ജോലി ഒരായുഷ്ക്കാലം മുഴവൻ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നവനാണ് താൻ എന്ന അഹങ്കാരം ലവലേശമില്ലാതെ.

അയാൾ വോട്ടു ചെയ്തു കഴിഞ്ഞു. തിരിഞ്ഞു നടക്കുന്ന അയാളുടെ കാലുകൾ വേണമെങ്കിൽ ശ്രദ്ധിക്കാവുന്നതാണ്. അരികുകൾ ചതഞ്ഞ് വീണുപൊട്ടിയ പാദങ്ങൾ. കറുത്തുണങ്ങിയ കണങ്കാലുകളിൽ നീരുണ്ട്. നടക്കുമ്പോൾ വശങ്ങളിലേക്കൊരു ചെറിയ ആട്ടം. കൂർത്ത ഹൈഹീൽഡ് ഷൂ ധരിച്ച ഒരു യുവതി വൃദ്ധനെങ്ങാൻ അവളെ സ്പർശിച്ചെങ്കിലോ എന്ന് ഭയന്ന് പരമാവധി ഒതുങ്ങി മാറി. അയാൾ ഓരം ചേർന്ന് വാതിൽ കടന്നു. എങ്ങനെയാണ് ലോകം വെളുത്തു വരുന്നതെന്നും അതിൽ രക്തശോഭയും സുഗന്ധവും വരുന്നതെന്നും, അതിലേക്ക് കരിയുകയും ചൊരിയുകയും ചെയ്യപ്പെട്ടതാണ് തന്റെ ജീവാഹ്ലാദങ്ങളെന്നും അറിയാതെ, ശ്രദ്ധിക്കാതെ അയാൾ കടന്നുപോയി. ഉച്ചവെയിലിലൂടെ അയാൾ നടക്കുകയാണ്. നിരത്തിലൂടെ പുതുപുത്തൻ വാഹനങ്ങൾ കുതിയ്ക്കുന്നുണ്ട്. ഓരങ്ങളിൽ വർണശബളങ്ങളായ കൂറ്റൻ ഫ്ളക്സ് ബോർഡുകൾ. അംബരചുംബികളായ ഫ്ളാറ്റുകൾ. നിരവധി വെയിൽക്കാലങ്ങളിൽ വരമ്പിൽനിന്നു നിന്നാണ്, മഴയത്ത് കുതിർന്നാണ്, മഞ്ഞത്ത് കാവൽ കിടന്നാണ് തന്നിലെ ഊർജബിന്ദുക്കൾ ഇത്രയുമായി പരിണമിച്ചതെന്ന് വകവെയ്ക്കാതെയാണ് അയാൾ നടന്നുകൊണ്ടിരുന്നത്. അയാൾക്കുവേണ്ടി അഹോരാത്രം പടപൊരുതുന്ന ഒരു പാർട്ടിയുടെ വാഹനം അന്നേരം ചീറിക്കുതിച്ചുപോയി. അതിലിരുന്ന് നേതാവ് അയാൾക്കു നേരെ കൈകൂപ്പി. തിരിച്ചു കൈകൂപ്പിയാൽ അത് അധികപ്രസംഗമാവുമോ എന്നു ശങ്കിച്ച്, വീണ്ടും കൂനി, വളഞ്ഞ് അയാൾ നടത്തം തുടർന്നു.